## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

F3-1000/2021 തിയതി -01/02/2021

### സർക്കുലർ നമ്പർ – 42 / 2020-21

വിഷയം-:കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്- ജീവനക്കാരുടെ പേഴ്സണൽ ലോൺ 80,000/- രൂപയിൽ നിന്ന് 1,00,000/- രൂപയായി വർദ്ധിപ്പിച്ചത് നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന- 1. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരണ കുറിപ്പ് ഖണ്ഡിക 20.
2. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് –എംപ്ലോയിസ് പേഴ്സണൽ ലോൺ പ്ലാൻ 2002 ഖണ്ഡിക 7(d).

കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡിലെ . 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരണ കുറിപ്പ് ഖണ്ഡിക 20 പ്രകാരം സ്ഥിരം ജീവനക്കാരുടെ വ്യക്തിഗത വായ്പ 80,000/- രൂപയിൽ നിന്ന് 1,00,000/- രൂപയായി വർദ്ധിപ്പിക്കുകയും അതോടൊപ്പം അടിസ്ഥാന ശമ്പളത്തിന്റെ 2 ഇരട്ടി എന്ന വ്യവസ്ഥ അടിസ്ഥാന ശമ്പളത്തന്റെ 3 ഇരട്ടി എന്നും ആയി ഭേദഗതി വരുത്തുന്നതിന് പ്രപ്പോസൽ വയ്ക്കുകയും ആയത് അംഗീകരിക്കുയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് (എംപ്ലോയിസ് പേഴ്സണൽ ലോൺ) പ്ലാൻ 2002 5(b) യിലെ വ്യക്തിഗത വായ്പ 80,000/- രൂപ എന്നത് (എൺപതിനായിരം രൂപ ) 1,00,000/- രൂപയായി (ഒരു ലക്ഷം രൂപ) വർദ്ധിപ്പിച്ചുകൊണ്ടും, അടിസ്ഥാന ശമ്പളത്തിന്റെ 2 ഇരട്ടി എന്ന വ്യവസ്ഥ അടിസ്ഥാന ശമ്പളത്തന്റെ 3 ഇരട്ടി എന്നും ആയി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകുന്നു. പ്ലാനിലെ മറ്റ് വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്.മേൽ ഭേദഗതി 01/02/2021 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ഈ സർക്കുലർ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും ഉപകാര്യാലയ ങ്ങളിലും അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റികളിലേയും ചെയർമാൻമാർ

// ഉത്തരവിൻ പ്രകാരം //

ജൂനിയർ സൂപ്രണ്ട്